**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777** **17-09-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് **പ്രധാനമന്ത്രികുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക** വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു.ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത് . തൃശ്ശൂർ, പാലക്കാട്, മലപ്പുറം , കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിന്റെ കീഴിൽ , അടാട്ട് , തോളൂർ , അവണൂർ , കൈപ്പറമ്പ കൃഷി ഭവനുകളിൽ 237 പമ്പുകൾ സൗരോർജ്ജവത്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്,ഇതിൽ 105 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും , 26 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തു . |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കോൾപ്പടവുകളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | ഈ പദ്ധതിയുടെ **(PM KUSUM)** ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിന്റെ കീഴിൽ കോൾപ്പടവുകളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളുടെ സാധ്യതാ പഠനം നടത്തിയതിൽ നിന്നും പുതുതായി ചാത്തൻ കോൾ **,** ഒൻപതു മുറി എന്നീ സൈറ്റുകളിൽ വർക്ക് ഓർഡർ റിക്വസ്റ്റ് കമ്പനികളിൽ നിന്നും ലഭിച്ചിട്ടുണ്ട് **.** പ്രസ്തുത സൈറ്റുകളിൽ പദ്ധതി നടത്തിപ്പിന് അധികചെലവ് ഉണ്ടാകുമെന്നു കമ്പനികൾ അറിയിച്ചിട്ടുണ്ട് **.** ഇതു വിലയിരുത്തിയശേഷം പ്രസ്തുത സൈറ്റുകൾക്ക് വർക്ക് |

| | | | |
|---|---|---|---|
| | | | ഓർഡർ നൽകി പ്രവർത്തികൾ ആരംഭിക്കുന്നതായിരിക്കും. |
| (സി) | ഈ പദ്ധതികൾ നിർവ്വഹിക്കുന്ന അനെർട്ട് ഉൾപ്പെടെയുള്ള ഏജൻസികളുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാലതാമസം കൂടാതെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | പി. എം. കുസും പദ്ധതി കാലതാമസം കൂടാതെ അനെർട്ട് മുഖേന പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ